പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3717 — 19.03.2018-ൽ മറുപടിക്ക്

## കാൽനടയാത്രക്കാരുടെ സുരക്ഷക്കായി ഫുട്പാത്ത് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാൽനടയാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതത് എക്സിക്യൂട്ടീവ് എഞ്ചിനീയറിനെ നിയമിച്ചിട്ടുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരുടെ സൗകര്യത്തിനായി റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തി, സീബ്രാ ക്രോസിംഗുകൾ, സൈൻബോർഡുകൾ, ഫുട്പാത്തുകൾ, ഹാന്റ് റെയിലിംഗുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവയും കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടാതിരിക്കാൻ ആവശ്യമായിടത്ത് പാർക്കിംഗ് ഒഴിവാക്കുന്നതിന് 'നോ പാർക്കിംഗ്' സൈൻബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ റോഡുസുരക്ഷ എത്രയോ തരംതാണതാണ്. കയ്യേറ്റമാണ് നടത്തുന്നത്. ഇത് പരിഹരിക്കുവാൻ പോലീസ്, റവന്യൂ, തദ്ദേശസ്വയംഭരണം എന്നിവയുടെ വലിയ സഹായം വേണം. ഇതിനായി എപ്പോഴും പരിശ്രമിച്ചുവരുന്നു. |
| (ബി) കേരളത്തിലെ പല തിരക്കുള്ള ജംഗ്ഷനുകളിലും ഫുട്പാത്തുകൾ ഇല്ലാത്തതിനാൽ കാൽനട യാത്രക്കാർ നിരന്തരമായി അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ;<br><br>(സി) റോഡ് നിർമ്മാണത്തോടൊപ്പം ഫുട്പാത്ത് നിർമ്മാണത്തിനും കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ? | (ബി) യും (സി) യും: സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തിരക്കേറിയ റോഡുകൾക്ക് ഇരുവശവും നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി, സിറ്റി റോഡ് ഡെവലപ്മെന്റ് പദ്ധതി പോലുള്ള വൻകിട പദ്ധതികളിൽ നടപ്പാതകൾ ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻ പ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. നിലവിലെ ദേശീയപാതകൾ നാലുവരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനടയാത്രക്കാരുടെ സുരക്ഷയും ഉറപ്പ് വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ